പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 177 — 03.05.2017 -ൽ മറുപടിക്ക്.

## വെട്ടിക്കുറച്ച റേഷൻ വിഹിതം പുനസ്ഥാപിക്കണമെന്ന ആവശ്യം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനൂപ് ജേക്കബ്**<br>**ശ്രീ.അനിൽ അക്കര**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) വെട്ടിക്കുറച്ച റേഷൻ ഭക്ഷ്യധാന്യം പുനസ്ഥാപിക്കണമെന്നുള്ള കേരള സർക്കാരിന്റെ ആവശ്യത്തോട് കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്താണ്; അരി വിഹിതം പുനസ്ഥാപിക്കുമെന്ന പ്രധാനമന്ത്രിയുടെ ഉറപ്പ് പാലിച്ചിട്ടുണ്ടോ; | (എ) വെട്ടിക്കുറച്ച റേഷൻ ഭക്ഷ്യധാന്യം പുനസ്ഥാപിക്കണമെന്നുള്ള കേരള സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ നിരസിച്ചിരുന്നു. ബഹു.ഭക്ഷ്യ വകുപ്പ് മന്ത്രി തലത്തിലും ബഹു.മുഖ്യമന്ത്രി തലത്തിലും ടി വിഷയത്തിൽ നേരിട്ട് കൂടിക്കാഴ്ചകൾ നടത്തിയിട്ടുണ്ടെങ്കിലും കേന്ദ്ര സർക്കാർ ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിച്ച നല്കിയിട്ടില്ല. സംസ്ഥാനങ്ങൾക്കുള്ള ഭക്ഷ്യധാന്യ വിഹിതം നിശ്ചയിച്ചത് ഒരു പൊതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലായതിനാൽ ഒരു സംസ്ഥാനത്തിന് മാത്രമായി ഇതിൽ മാറ്റം വരുത്താൻ കഴിയില്ല എന്നാണ് കേന്ദ്ര നിലപാട്. |
| (ബി) ഉയർന്ന വില നൽകിയാൽ മാത്രമേ രണ്ട് ലക്ഷം മെട്രിക് ടൺ അരി അധികമായി നൽകുവാൻ കഴിയൂ എന്ന കേന്ദ്ര നിർദ്ദേശം റേഷൻ ക്ഷാമത്തിലേക്കും പൊതുവിപണിയിലെ രൂക്ഷമായ വിലക്കയറ്റത്തിനും ഇടയാക്കിയിട്ടുണ്ടോ ; | (ബി) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് അനുവദിച്ചിട്ടുള്ളത്. ഇതിനുപരിയായി കേന്ദ്ര സർക്കാരിൽ നിന്ന് അധിക ഭക്ഷ്യധാന്യ വിഹിതം അനുവദിച്ച നല്കിയിട്ടില്ല. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവായത് പൊതുവിതരണ സമ്പ്രദായത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. മാത്രമല്ല റേഷൻ ഭക്ഷ്യധാന്യങ്ങളിലുണ്ടായ ഈ കുറവ്, സമീപകാലത്തുണ്ടായ അരി വില വർദ്ധനവിന് ഒരു കാരണമാണ്. അധിക ഭക്ഷ്യധാന്യം OMSS/ ഇക്കണോമിക് നിരക്കിൽ വാങ്ങാനാണ് കേന്ദ്രം നിർദ്ദേശിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഗുരുതരമായ ഈ സാഹചര്യം എപ്രകാരം നേരിടാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) | അരി വില വർദ്ധിക്കുന്ന സ്ഥിതി വിശേഷം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ അരിമില്ല് ഉടമകളും ബ്രോക്കർമാരും ലോബിയായി പ്രവർത്തിക്കുന്നത് ഒഴിവാക്കുന്നതിനായി ബഹു.ഭക്ഷ്യ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു സംഘം ആന്ധ്രാ പ്രദേശിലെ മില്ല് ഉടമകളുമായി പ്രശ്ന പരിഹാരം സംബന്ധിച്ച് ചർച്ച നടത്തി അരിയുടെ വില കൃത്രിമമായി വർദ്ധിപ്പിക്കുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ അരിവില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് സപ്ലൈകോ പ്രത്യേകം അരിക്കടകൾ ആരംഭിച്ചിട്ടുണ്ട്. ആന്ധ്രയിൽ നിന്നല്ലാതെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് അരി സംസ്ഥാനത്ത് ലഭ്യമാക്കി വിതരണം ചെയ്തു വഴി വിലക്കയറ്റം ഒരു പരിധിവരെ പിടിച്ചു നിർത്താൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ